II ഇ.ബി. XIII- കേരള നിയമസഭ/X-1

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 06, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1 (*1) ട്രെയിനിലെ സ്ത്രീയാത്രക്കാരുടെ സുരക്ഷ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി 56 വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിക്കുകയും വനിതാ കമ്പാർട്ടുമെന്റുകളിൽ ലാത്തി ധരിച്ച വനിതാ പോലീസുദ്യോഗസ്ഥരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റെയിൽവേ പോലീസിൽ 200 തസ്തികകൾ അനുവദിച്ച് 13 റെയിൽവേ പോലീസ് സ്റ്റേഷനുകളിലായി വിഭജിച്ച് അംഗബലം വർദ്ധിപ്പിച്ചിട്ടുണ്ട്. റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ പോലീസ് പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിച്ചും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുമ്പോൾ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റ് പോലീസുദ്യോഗസ്ഥരും വനിതാ കമ്പാർട്ടുമെന്റുകൾ പരിശോധിക്കാറുണ്ടെന്നും റെയിൽവേ ലൈൻ കടന്നുപോകുന്ന ജില്ലകളിലെ ലോക്കൽ പോലീസിനെയും പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെയും ട്രെയിൻ യാത്രക്കാരുടെ സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ദീർഘദൂര ട്രെയിൻ സർവ്വീസുകളിൽ സ്ത്രീകൾക്കുമാത്രമായി പ്രത്യേക റിസർവ്വേഷൻ കോച്ച് ഏർപ്പെടുത്തുന്ന കാര്യം റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ളതുപോലെയുള്ള സി.സി.ടി.വി. ക്യാമറകൾ ഘട്ടംഘട്ടമായി എല്ലാ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിൽ വനിതാ കമ്പാർട്ടുമെന്റുകളിലും സ്ഥാപിക്കുന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന റെയിൽവേ അലർട്ട് സിസ്റ്റം നിലവിലുണ്ടെന്നും പ്രസ്തുത നമ്പറിൽ ലഭിക്കുന്ന പരാതികളിന്മേൽ തത്സമയം നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. വനിതാ കമ്പാർട്ടുമെന്റ് ട്രെയിനിന്റെ മദ്ധ്യഭാഗത്തേയ്ക്ക് മാറ്റണമെന്ന ആവശ്യം കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അനുകൂല തീരുമാനമുണ്ടാകാത്തതിനാൽ വീണ്ടും ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി. സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി ഹോം ഗാർഡിന്റെ മാതൃകയിൽ ഒരു സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞതുപോലെ 250 വനിതാ എസ്.ഐ.മാരെയും 1000 വനിതാ പോലീസുകാരെയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഡ്രൈവ് വഴി നിയമിക്കുന്നതിനും 2014

ജനുവരി 17,18 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന 'നാഷണൽ കോൺഫറൻസ് ഓഫ് വിമൻ പോലീസ് ഓഫീസേഴ്സ്'-ൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് വനിതാ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2(*2) <u>മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, ഭരണ സംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുകവഴി അവരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുക, ഭരണാധികാരികൾക്ക് ജനകീയ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനും പ്രശ്ന പരിഹാരത്തിന് നയപരമായ തീരുമാനമെടുക്കാനും കഴിയുക, ഭരണ നടപടികൾ കൂടുതൽ ജനകീയവും സുതാര്യവും കാര്യക്ഷമവുമാക്കുക, സമൂഹത്തിലെ അവശജന വിഭാഗക്കാർക്ക് അടിയന്തിരമായും സമയബന്ധിതമായും സഹായം നൽകുക, അവരുടെ പരാതികൾക്ക് പരിഹാരം കാണുക എന്നിവയൊക്കെയാണ് ജനസമ്പർക്ക പരിപാടിയുടെ ലക്ഷ്യങ്ങളെന്ന് സഭയെ അറിയിച്ചു. ജന ങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളും ആവശ്യങ്ങളും യഥാസമയം ലഭ്യ മാക്കുന്നതിന് തടസ്സമായിരുന്ന ചില നിയമങ്ങളും ചട്ടങ്ങളും ഒന്നാംഘട്ട ജന സമ്പർക്ക പരിപാടിക്കുശേഷം കാലോചിതമായി പരിഷ്കരിച്ചുകൊണ്ട് 45 ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിലുണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ അതാത് ഡിപ്പാർട്ടുമെന്റുകളുടെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്; മറുപടി കിട്ടിയശേഷം നിലവിലുള്ള

സംവിധാനങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണ്. ജനസമ്പർക്ക പരിപാടിയിൽ കിട്ടിയ പരാതികളിന്മേൽ തീരുമാനമെടുക്കുന്നതിന് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും താലൂക്ക് അടിസ്ഥാനത്തിൽ കൂടുതൽ പരാതികളുണ്ടെങ്കിൽ ആ താലൂക്കിലെ എം.എൽ.എ.മാരെ വിളിച്ചു ചേർത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കളക്ടറുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് അവയിന്മേൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകളെയും തീരുമാനങ്ങളെയും സംബന്ധിച്ച് അവയുടെ യഥാർത്ഥ ഗുണഭോക്താക്കൾ ബോധവാന്മാരല്ലെന്നും അതുകൊണ്ട് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുള്ള പരിപാടികളുടെ വിശദവിവരങ്ങൾ ഗുണഭോക്താക്കളിലെത്തിക്കാനും അർഹതപ്പെട്ടവർക്ക് ആനുകൂല്യം കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കാനുമുള്ള അധികാരം ഗ്രാമ സഭകൾക്ക് നൽകുന്നതു സംബന്ധിച്ച് ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു. ഒന്നാംഘട്ട ജന സമ്പർക്ക പരിപാടിക്കുശേഷം എ.പി.എൽ/ബി.പി.എൽ. സംബന്ധിച്ച് പുതിയ നോംസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും അത് വിപുലീകരിക്കുന്നതാണെന്നും കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള ലിമിറ്റ് ബാധകമാക്കാതെ അർഹതപ്പെട്ട എല്ലാവർക്കും ബി.പി.എൽ. കാർഡ് ലഭ്യമാക്കുന്നതാണെന്നും ഭിന്ന ശേഷിയുള്ള കുട്ടികളെ താമസിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളെ ബി.പി.എൽ. പട്ടികയിലുൾപ്പെടുത്തി ആനുകൂല്യം നൽകുന്ന താണെന്നും കാൻസർ രോഗികൾ, ഡയാലിസിസ് നടത്തുന്ന കിഡ്നി രോഗികൾ, വികലാംഗർ എന്നിവർക്കെല്ലാം ബി.പി.എൽ. കാർഡ് നൽകുന്ന

തിനുള്ള വ്യവസ്ഥയുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

3 (*3) <u>യുവജന നയം</u>

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി)_നൽകിയ മറുപടിയിൽ, 2013 മാർച്ച് 4–ാം തീയതി യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും . യുവജനങ്ങളുടെ സാമൂഹിക–സാമ്പത്തിക–രാഷ്ട്രീയ–സാംസ്കാരിക–കായിക–മാനസിക വികസനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുക, യുവജനങ്ങളുടെ വിഭവശേഷിയിലും വളർച്ചയിലും പുരോഗതിയിലും ഊന്നൽ നൽകുക, സുസ്ഥിര വികസനത്തിലും സാമൂഹിക പ്രതിബദ്ധതയിലും ഊന്നൽ നൽകിക്കൊണ്ട് ആരോഗ്യകരവും സന്തോഷപ്രദവുമായ ജീവിതം നയിക്കാനുള്ള സാഹചര്യമൊരുക്കുക എന്നതാണ് യുവജനനയത്തിന്റെ ദൗത്യമെന്നും സഭയെ അറിയിച്ചു. തുടർ വിദ്യാഭ്യാസ പരിപാടികൾ, നൈപുണ്യ പരിശീലനം (skill development training) എന്നിവ നടപ്പിലാക്കുക, ചെറുകിട–ഇടത്തരം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക, യുവജനങ്ങളെ മികച്ച സംരംഭകരാക്കി ഉയർത്തുക, യുവജനങ്ങളെ കൃഷിയിലേയ്ക്കും മൃഗസംരക്ഷണത്തിലേയ്ക്കും ആകർഷിക്കുന്നതിനു വേണ്ടി പരിസ്ഥിതി സൗഹൃദപരവും ഹൈടെക്കുമായ കൃഷിരീതികൾ വ്യാപിപ്പിക്കുക, മദ്യത്തിനും മയക്കുമരുന്നുകൾക്കുമെതിരെ യുവജനങ്ങളുടെ പ്രതിരോധ നിര ഉയർത്തുക, കലാകായിക സാംസ്കാരിക മാധ്യമ രംഗത്ത് പ്രോത്സാഹനം നൽകുക, പൈതൃകവും സംസ്കാരവും കാത്തുസൂക്ഷിക്കാൻ യുവജനങ്ങളെ

സജ്ജരാക്കുക, സാമൂഹിക തിന്മകൾക്കെതിരെ യുവജനങ്ങളുടെ ഐക്യനിര കെട്ടിപ്പടുക്കുക എന്നിവയാണ് യുവജന നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യുവജന നയം നടപ്പാക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികളോടൊപ്പം നിലവിലുള്ള പദ്ധതികളും കാലോചിതമായി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. തൊഴിൽ രഹിതർക്കുവേണ്ടി ജോബ് ഫെസ്റ്റുകൾ, യുവസംരംഭകത്വ പരിശീലനങ്ങൾ എന്നിവയും ഭിന്നശേഷിയുള്ളവരുടെ ഉന്നമനത്തിനായി ബ്രെയ്‌ലി ലൈബ്രറി, കമ്പ്യൂട്ടർ വാങ്ങുന്നതിന് ധനസഹായം, പ്രകൃതി ദുരന്തത്തിനിരയാകുന്നവരെ സഹായിക്കാനായി ദുരന്ത നിവാരണ സേന, മദ്യം-മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യ വെല്ലുവിളികൾക്കെതിരെ യുവജാഗ്രതാ യാത്ര, യുവജനങ്ങളെ സാമൂഹ്യ സേവനത്തിന് സജ്ജമാക്കുന്നതിന് പുനർജ്ജനി, രക്തദാനസേന മുതലായ പരിപാടികൾ ബോർഡ് നടപ്പിലാക്കിവരുന്നുണ്ടെന്നും യുവജന ക്ലബ്ബുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പരിപാടികൾക്കും പ്രോജക്ടുകൾക്കും ധനസഹായം നൽകിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ആദ്യഘട്ടമെന്ന നിലയിൽ എന്റർപ്രണർ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയുമായി ചേർന്ന് തിരുവനന്തപുരം, തൃശ്ശൂർ, വയനാട് ജില്ലകളിൽ സംരംഭകത്വ വികസന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ എക്സൈസ് വകുപ്പിന്റേയും യൂത്ത് ക്ലബ്ബുകളുടേയും സഹകരണത്തോടു കൂടി മദ്യപാനത്തിനും മയക്കുമരുന്നുകളുടെ ഉപയോഗത്തിനുമെതിരെ ബോധവത്ക്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. യുവജന ബോർഡിന്റെ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനു സമീപം നിർമ്മിക്കാനുദ്ദേശിക്കുന്ന യൂത്ത് ഭവന്റെ ശിലാ

സ്ഥാപന കർമ്മം കഴിഞ്ഞ മാസം മുഖ്യമന്ത്രി നിർവ്വഹിച്ചിട്ടുണ്ടെന്നും രണ്ട് ഘട്ടങ്ങളിലായി ലൈബ്രറിയുൾപ്പെടെ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടുംകൂടിയാണ് യൂത്ത് ഭവൻ നിർമ്മിക്കുന്നതെന്നും മന്ത്രി അറിയിച്ചു. സാമൂഹ്യ പ്രവർത്തനം, മാദ്ധ്യമം, സംരംഭകത്വം, കല, സാഹിത്യം, കൃഷി, കായികം എന്നീ മേഖലകളിൽ മികവാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്ന യുവപ്രതിഭകൾക്ക് ഈ വർഷം മുതൽ സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം എന്ന പേരിൽ അവാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അന്യംനിന്നുപോകുന്ന കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി നാടൻ കലാമേളകളും പൈതൃകോത്സവം, ഗോത്രതാളം എന്നീ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ടെന്നും കേരളോത്സവം ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കി വരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

4 (*4) <u>കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച പുതുക്കിയ കേന്ദ്ര ഉത്തരവ്</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, 19–10–2013, 13–11–2013, 16–11–2013, 20–12–2013 എന്നീ തീയതികളിൽ കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരമാണ് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തീരുമാനങ്ങൾ അറിയിച്ചിരിക്കുന്നതെന്നും ഉപഗ്രഹം ഉപയോഗിച്ച് റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നടത്തിയ കണ്ടെത്തലിനെ സംബന്ധിച്ച് വിമർശനമുണ്ടായ സാഹചര്യത്തിൽ 20–12–2013 ലെ പുതിയ ഓഫീസ് മെമ്മോറാണ്ടം പ്രകാരം പരിസ്ഥിതി ലോല പ്രദേശങ്ങളുടെ അതിർത്തികളും അവിടെ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളും സംബന്ധിച്ച് സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം തേടിയശേഷം

മാത്രമേ അന്തിമ വിജ്ഞാപനം ഉണ്ടാവുകയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നേരിട്ടു പരിശോധന നടത്തി സംസ്ഥാന സർക്കാരുകൾക്ക് ഭേദഗതി നിർദ്ദേശിക്കാമെന്ന് മെമ്മോറാണ്ടത്തിൽ അറിയിച്ചിട്ടുണ്ട്. കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശകളിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കണക്കിലെടുക്കാതെ അന്തിമ തീരുമാനമെടുക്കരുതെന്നും പ്രാദേശികമായ സർവ്വേ നടത്തി ESA പ്രദേശങ്ങൾ നിർണ്ണയിക്കണമെന്നും ESA-യ്ക്ക് ചുറ്റുമുള്ള ബഫർ സോൺ ഒഴിവാക്കണമെന്നും 01-01-1977 ന് മുമ്പ് കൈവശാവകാശമുള്ള ഭൂമിയെ ESA യിൽ ഉൾപ്പെടുത്തരുതെന്നും പ്രധാനമന്ത്രിയോടും കേന്ദ്ര പരിസ്ഥിതി മന്ത്രിയോടും രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഡോ. ഉമ്മൻ വി. ഉമ്മൻ (കൺവീനർ), പ്രൊഫ. വി.എൻ. രാജശേഖരൻ പിള്ള, ശ്രീ. പി.സി. സിറിയക്ക് എന്നിവരടങ്ങിയ മൂന്നംഗ വിദഗ്ദ്ധ സമിതി ESA മേഖലകൾ സന്ദർശിച്ച് പഠനം നടത്തി 03-01-2014-ൽ സമർപ്പിച്ച കരട് റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് ലഭ്യമാകുന്ന നിർദ്ദേശങ്ങൾകൂടി പരിഗണിച്ച ശേഷമായിരിക്കും അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടിലെ ശുപാർശ പ്രകാരം അതാതിടങ്ങളിലെ യഥാർത്ഥ പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കുന്നതിനായി നേരിട്ടു പരിശോധന നടത്തി സർക്കാരിലേക്കു ശുപാർശ നൽകുന്നതിനായി 123 നിർദ്ദിഷ്ട പരിസ്ഥിതിലോല വില്ലേജുകളിലും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി പ്രാദേശിക പരിശോധനാ സമിതികൾ രൂപീകരിച്ചു. വനപ്രദേശങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും ഗ്രൗണ്ട് റിയാലിറ്റിയുടെ അടിസ്ഥാനത്തിൽ തരംതിരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ

നിലപാടെന്നും കർഷകരുടെ താൽപര്യം സംരക്ഷിക്കപ്പെടുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1 മുതൽ 340 വരെയുള്ള ചോദ്യങ്ങളിൽ 98 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)